# Official Spokesperson's response to a media query regarding Gurdwara 'ShahidiAsthan' at Naulakha Bazaar in Lahore, Pakistan

July 27, 2020

## പാകിസ്താനിലെ ലാഹോറിൽ നൗലാഖ ബസാറിലെ ഗുരുദ്വാര'ശഹീദി ആസ്ഥാൻ' നെ കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ മറുപടി.

**ജൂലൈ** 27, 2020

പാകിസ്താനിലെ ലാഹോറിൽ നൗലാഖ ബസാറിലെ ഗുരുദ്വാര'ശഹീദി ആസ്ഥാൻ' നെ കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് ഔദ്യോഗിക വക്താവായ ശ്രി അനുരാഗ് ശ്രീവാസ്തവ പറഞ്ഞത് ഇങ്ങനെയാണ്:

"പാകിസ്താനിലെ ലാഹോറിൽ ഉള്ള നൗലാഖ ബസാറിലെ ഗുരുദ്വാര ശഹീദി ആസ്ഥാൻ, ഭായ് താരു സിംഗിന്റെ രക്തസാക്ഷിത്വ സ്ഥാനമാണ്. പാക്കിസ്ഥാൻ ഇത് മസ്ജിദ് ഷാഹിദ് ഗഞ്ചിന്റെ സ്ഥലമാണെന്ന് അവകാശപ്പെട്ടിരുന്നു കൂടാതെ ഈ സ്ഥലം മുസ്ലിം ആരാധനാലയമാക്കുന്നതിനുള്ള ശ്രമങ്ങളും നടന്നിരുന്നു. ഇതേ തുടർന്ന് ഇന്ന് പാകിസ്ഥാൻ ഹൈ കമ്മീഷനെതിരെ ശക്തമായ പ്രതിഷേധം അരങ്ങേറിയിരുന്നു.

ഗുരുദ്വാര ശഹീദി ആസ്ഥാൻ എന്നത് **1745** ലെ ഭായ് താരുജിയുടെ ത്യാഗഫലമായുണ്ടായ ചരിത്ര പ്രസിദ്ധമായ ഗുരുദ്വാരയാണ്. സിഖ് സമൂഹം

ബഹുമാനിക്കപ്പെടുകയും വിശുദ്ധമായി കരുതുകയും ചെയ്യുന്ന സ്ഥലമാണ് ഗുരുദ്വാര. ഈ സംഭവം അത്യധികം ആശങ്കയോടെയാണ് ഇന്ത്യ വീക്ഷിച്ചിരുന്നത്. പാകിസ്ഥാനിൽ സിഖ് സമൂഹത്തിന്റെ നീതിക്കായി ആഹ്വാനങ്ങളുയർന്നിരുന്നു.

ഇന്ത്യ ഈ സംഭവത്തിൽ ശക്തമായ ആശങ്ക പ്രകടിപ്പിക്കുയും സംഭവം അന്വേഷിച്ച് ആവശ്യമായ പരിഹാര നടപടികൾ പെട്ടന്ന് തന്നെ സ്വീകരിക്കാൻ പാകിസ്താനോട് ആവശ്യപ്പെടുകയും ചെയ്തു. ന്യൂനപക്ഷ സമൂഹങ്ങളുടെ സുരക്ഷയും സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനൊപ്പം അവരുടെ മതപരമായ അവകാശങ്ങളും സാംസ്കാരിക പൈതൃകവും സംരക്ഷിക്കേണ്ടതാണെന്നു പാകിസ്താനോട് ആവശ്യപ്പെട്ടു."

ന്യൂ ഡൽഹി
**27 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.